2026
MARCH
06
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പശ്ചിമേഷ്യൻ സംഘർഷം:

# ഇന്ത്യൻ കപ്പലുകളുടെയും നാവികരുടെയും സംരക്ഷണത്തിന് നിരീക്ഷണം ശക്തിപ്പെടുത്തി





**ന്യൂഡൽഹി:** പേർഷ്യൻ ഉൾക്കടലിലെ സമുദ്ര സുരക്ഷാ സാഹചര്യം മുൻ നിർത്തി മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളെയും മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ നാവികരെയും സംരക്ഷിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ശക്തിപ്പെടുത്തിയതായി കേന്ദ്രതുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും അധികൃതർ വ്യക്തമാക്കി. പേർഷ്യൻ ഉൾക്കടലിലെ നിലവിലുള്ള സുരക്ഷാ അന്തരീക്ഷം വിലയിരുത്തുന്നതിനും ഇന്ത്യൻ സമുദ്ര ആസ്തികളുടെയും ഉദ്യോഗസ്ഥരുടെയും അവസ്ഥ വിലയിരുത്തുന്നതിനുമായി ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ അധ്യക്ഷത വഹിച്ചു.

യോഗത്തിൽ, മേഖലയിലെ നിലവിലുള്ള സാഹചര്യത്തെക്കുറിച്ചും ഇന്ത്യൻ പതാക വാഹക കപ്പലുകളുടെയും ഇന്ത്യൻ നാവികരുടെയും അവസ്ഥയെക്കുറിച്ചും ഷിപ്പിംഗ് ഡയറക്ടർ ജനറൽ മന്ത്രിയെ അറിയിച്ചു. സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാവികരുടെ സുരക്ഷയും ക്ഷേമവും സമുദ്ര ആസ്തികളുടെ സംരക്ഷണവും ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ മുൻകരുതൽ, നിരീക്ഷണ, ഏകോപന സംവിധാനങ്ങളും സജീവമാക്കിയിട്ടുണ്ടെന്ന് യോഗത്തിന് ശേഷം കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. പ്രധാന ദേശീയ, അന്തർദേശീയ ഏജൻസികളുമായി നിരന്തരം ബന്ധം പുലർത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും അടിയന്തരമായി പ്രതികരിക്കാൻ സജ്ജമാണെന്നും കേന്ദ്ര മന്ത്രി അറിയിച്ചു. പേർഷ്യൻ ഉൾക്കടൽ, ഹോർമുസ് കടലിടുക്ക്, ഒമാൻ ഉൾക്കടൽ, സമീപ സമുദ്ര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മിസൈൽ, ഡ്രോൺ പ്രവർത്തനം, ഇലക്ട്രോണിക് ഉപകരണവിന്യാസം, സമുദ്ര സുരക്ഷാ ആശങ്കകൾ എന്നിവയുൾപ്പെടെ റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിൽ, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് (DGS) വഴി ഷിപ്പിംഗ് മന്ത്രാലയം ഇന്ത്യൻ നാവികരുടെയും ഇന്ത്യൻ കപ്പലുകളുടെയും നിരീക്ഷണവും സുരക്ഷാ മേൽനോട്ടവും സജീവമാക്കിയിട്ടുണ്ട്. മന്ത്രാലയം, നിരന്തരമായുള്ള ഡിജിഎസ് വഴി ഇന്ത്യൻ പതാകവാഹക കപ്പലുകളുടെ തത്സമയ ട്രാക്കിംഗ് ആരംഭിച്ചു. കൂടാതെ എംഎംഡിഎസി ഡിജികോം സെന്റർ വഴി 24 മണിക്കൂറും നിരീക്ഷണം ആരംഭിച്ചിട്ടുണ്ട്.

കപ്പലുകൾ, ഉടമകൾ, മാനേജർമാർ എന്നിവർക്ക് നിർബന്ധിത റിപ്പോർട്ടിംഗ് പ്രോട്ടോക്കോളുകളും നിർദ്ദേശിച്ചു. ഇന്ത്യൻ നാവികസേന, വിദേശകാര്യ മന്ത്രാലയം, ഇൻഫർമേഷൻ ഫ്യൂഷൻ സെന്റർ-ഇന്ത്യൻ ഓഷ്യൻ റീജിയൻ, മാരിടൈം റെസ്ക്യൂ കോർഡിനേഷൻ സെന്റർ, വിദേശത്തുള്ള ഇന്ത്യൻ എംബസികൾ എന്നിവയുമായി മികച്ച ഏകോപനം സജ്ജമാക്കിയിട്ടുണ്ട്.

സമുദ്രയാന ജീവനക്കാരുടെ വിന്യാസത്തിൽ ജാഗ്രത പാലിക്കാനും നാവികരുമായും അവരുടെ കുടുംബങ്ങളുമായും പതിവായി ആശയവിനിമയം നടത്താനും ഷിപ്പിംഗ് കമ്പനികൾ, റിക്രൂട്ട്മെന്റ് ആന്റ് പ്ലേസ്മെന്റ് സർവീസ് ലൈസൻസികൾ എന്നിവയ്ക്ക് നിർദ്ദേശം നൽകി. അധികാരികൾക്കിടയിൽ സമയബന്ധിതമായ ഏകോപനം സാധ്യമാക്കുന്നതിനും, ഉയർന്നുവരുന്ന സാഹചര്യങ്ങളിൽ ഉടനടി പ്രതികരണം ഉറപ്പാക്കുന്നതിനും, ഇന്ത്യൻ നാവികർക്കും അവരുടെ കുടുംബങ്ങൾക്കും അടിയന്തര സഹായം നൽകുന്നതിനും പ്രത്യേക ദ്രുത പ്രതികരണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. ഹെൽപ്പ്ലൈൻ നമ്പറുകൾ സജീവമാക്കുകയും നാവികരുടെ കുടുംബങ്ങളുമായി അവ പങ്കിടുകയും ചെയ്തു. ഉയർന്ന ജാഗ്രത പാലിക്കാനും നിർദ്ദിഷ്ട യാത്രാ അപകടസാധ്യതകൾ വിലയിരുത്താനും ബന്ധപ്പെട്ടവരോട് നിർദ്ദേശിച്ചിട്ടുണ്ട്.

മേഖലയിൽ പ്രവർത്തിക്കുന്ന കപ്പലുകളോട്, കമാൻഡ് സെന്ററുകളുമായി മികച്ച ആശയവിനിമയവും ശക്തമായ സുരക്ഷാ വിന്യാസവും നിലനിർത്താനും, സംശയാസ്പദമായ പ്രവർത്തനം ഉടൻ റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

# ഊർജ്ജ വിതരണ സംവിധാനം ശക്തിപ്പെടുത്തി ഇന്ത്യ



**ന്യൂഡൽഹി:** പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഊർജ്ജ വിതരണ സംവിധാനം ഇന്ത്യ ശക്തിപ്പെടുത്തി. അസംസ്കൃത എണ്ണ, പെട്രോളിയം സംഭരണം, വിതരണം നിരീക്ഷിക്കുന്നതിന് 24 മണിക്കൂർ കൺട്രോൾ റൂം സംവിധാനം ആരംഭിച്ചതായി കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. ആഗോളതലത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ മൂന്നാമത്തെ വലിയ ഇറക്കുമതി രാജ്യവും നാലാമത്തെ വലിയ എണ്ണ സംസ്കരണ രാജ്യവും അഞ്ചാമത്തെ വലിയ പെട്രോളിയം ഉൽപ്പന്ന കയറ്റുമതി രാജ്യവുമാണ് ഇന്ത്യ. മിഡിൽ ഈസ്റ്റിൽ നിന്ന് ഉണ്ടാകുന്ന ഹ്രസ്വകാല തടസ്സങ്ങൾ നേരിടാൻ അസംസ്കൃത എണ്ണയും പെട്രോൾ, ഡീസൽ, എടിഎഫ് എന്നിവയുൾപ്പെടെയുള്ള പ്രധാന പെട്രോളിയം ഉൽപ്പന്നങ്ങളുടെ ശേഖരവും രാജ്യത്തുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, ജനങ്ങൾക്ക് താങ്ങാനാവുന്ന വിലയിൽ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി ഇന്ത്യ, സ്രോതസ്സുകൾ വൈവിധ്യവൽക്കരിച്ചിട്ടുണ്ട്. ഹോർമുസ് കടലിടുക്ക് വഴി അല്ലാതെയുള്ള ഊർജ്ജ വിതരണ സംവിധാനങ്ങളുമായി ഇന്ത്യൻ ഊർജ്ജ കമ്പനികൾക്ക് ഇപ്പോൾ ബന്ധമുണ്ട്. ഹോർമുസ് കടലിടുക്ക് വഴിയുള്ള എണ്ണ നീക്കത്തിൽ താൽക്കാലികമായി ഉണ്ടായിരിക്കുന്ന തടസ്സം മൂലം, വിതരണത്തിൽ ബുദ്ധിമുട്ട് ഉണ്ടായാൽ, അത് ലഘൂകരിക്കാൻ ഇത്തരം ചരക്ക് ലഭ്യതയിലൂടെ സാധിക്കും. രാജ്യത്തുടനീളമുള്ള പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിതരണവും സംഭരണ സ്ഥിതിയും നിരന്തരം നിരീക്ഷിക്കുന്നതിനായി മന്ത്രാലയം 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ, സംഭരണത്തിന്റെ കാര്യത്തിൽ ഗവണ്മെന്റിന് പ്രതിസന്ധി ഇല്ല. ഇന്ത്യൻ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് ഏറ്റവും ഉയർന്ന മുൻഗണന.

തുടർച്ചയായ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, സാഹചര്യം കൂടുതൽ ലഘൂകരിക്കുന്നതിന് ആവശ്യമെങ്കിൽ ഘട്ടം ഘട്ടമായുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

# 47 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം

**കൊച്ചി:** ജില്ലാ ആസൂത്രണ സമിതിയുടെ അഡ്ഹോക് യോഗത്തിൽ ജില്ലയിലെ 47 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ കെ. ജി. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏകദേശം 4500 പ്രോജക്ടുകൾക്കായി 402 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. 2026-27 വാർഷിക പദ്ധതി നൽകാൻ ബാക്കിയുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തിരമായി അത് സമർപ്പിക്കണമെന്നും 2025-26 വാർഷിക പദ്ധതികൾ പൂർത്തീകരിച്ച് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കണമെന്നും, പട്ടികജാതിപട്ടിക വർഗ്ഗ പദ്ധതി വിഹിതങ്ങൾ മുഴുവനായും വിനിയോഗിക്കണമെന്നും ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് മുടങ്ങാതെ നൽകുന്നതിന് പ്രത്യേകം ശ്രദ്ധ വേണമെന്നും യോഗം നിർദേശിച്ചു. യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്, തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷർ, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **എറണാകുളം സഹോദര സൗധം** : ശ്രീനാരായണ സേവാ സംഘത്തിന്റെ നേതൃത്വത്തിൽ സഹോദരൻ അയ്യപ്പന്റെ 59മത് ചരമദിനാചരണത്തിന്റെ ഭാഗമായി നേതൃ സമ്മേളനം രാവിലെ 10 മണിക്ക്.

### അങ്കമാലി

■ **അങ്കമാലി മൈ സിനിമാസ് മാമാങ്കം തിയേറ്റർ** : ചിത്രശാല ഫിലിം സൊസൈറ്റി സംഘടിപ്പിക്കുന്ന 20മത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഉച്ചയ്ക്ക് 2ന് ആരംഭിക്കും. ഡീ. ജെ അഹമ്മദ്, ഇറ്റ്വാസ് ജസ്റ്റ് ആൻ ആക്സിഡന്റ് എന്നിവ പ്രദർശിപ്പിക്കും.

### മട്ടാഞ്ചേരി

■ **ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി** : കൊച്ചി കോർപറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ആശുപത്രികളിലേക്കുള്ള ലാബ് ടെക്സീഷ്യൻ തസ്തികയിലേക്ക് രാവിലെ 10.30 നും, ഫാർമസിസ്റ്റ് തസ്തികയിലേക്ക് 11.30 നും അഭിമുഖം നടത്തും.

### കാലടി

■ **വെള്ളാരപ്പിള്ളി പള്ളി** : വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ തിരുനാളും നേർച്ചസദ്യയും. വൈകിട്ട് 5ന് ആരാധന, ഫാ. വർഗീസ് പുന്നയ്ക്കൽ തിരുന്നാളിന് കൊടി ഉയർത്തും. തുടർന്ന് കുർബാന, പ്രസംഗം, നൊവേന ലദീഞ്ഞ്, രാത്രി 8ന് ഡി ജെ നൈറ്റ്.

# കേരള പോലീസ് സേനയിലേക്ക് 330 പുതിയ അംഗങ്ങൾ കൂടി



**തിരുവനന്തപുരം:** തിരുവനന്തപുരം പേരൂർക്കടയിൽ എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ എസ്.എ.പി, കെ.എ.പി ഒന്ന്, മൂന്ന്, വുമൻസ് ബറ്റാലിയൻ എന്നിവയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ 330 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർ കേരള പോലീസിന്റെ ഭാഗമായി. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ എസ്.എ.പിയിലെ 98 ഉം കെ.എ.പി മൂന്നാം ബറ്റാലിയനിലെ 67 റിക്രൂട്ട് സേനാംഗങ്ങളും പാലക്കാട് ഡി. എച്ച്.ക്യൂവിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ കെ.എ.പി ഒന്നാം ബറ്റാലിയനിലെ 61 പേരും കേരള പോലീസ് അക്കാദമിയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ വനിതാ ബറ്റാലിയനിലെ 104 പേരും ഉൾപ്പെടെ 330 റിക്രൂട്ട് സേനാംഗങ്ങളാണ് പരേഡിൽ പങ്കെടുത്തത്. ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന പാഠങ്ങളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി. ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം, ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നിവയിലും പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. എ.ഡി.ജി.പി മാരായ എസ്. ശ്രീജിത്ത് , ദിനേന്ദ്ര കശ്യപ് , എച്ച്. വെങ്കടേഷ് മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, പുതിയ സേന അംഗങ്ങളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# സ്പോർട്സ് ക്വാട്ട നിയമന നടപടിക്രമങ്ങൾ പരിഷ്കരിക്കും

**തിരുവനന്തപുരം:** സർക്കാർ സർവീസിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് 2020-24 കാലയളവിലെ 243 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനൊപ്പം നിയമന നടപടികൾ കാലോചിതമായി പരിഷ്ക്കരിച്ചാണ് പുതിയ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നത്.

കൂടുതൽ മത്സരങ്ങൾ നിയമനത്തിനുള്ള യോഗ്യതയായി ചേർക്കാനും മന്ത്രി സഭാ യോഗം തീരുമാനിച്ചു. കഴിഞ്ഞ 10 വർഷത്തിനിടെ 2010 മുതൽ 2019 വരെയുള്ള 10 വർഷത്തെ നിയമനം പൂർത്തീകരിച്ച ശേഷമാണ് ഈ അഞ്ച് വർഷത്തെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നത്. ഇതോടെ, ആകെ 15 വർഷത്തെ നിയമനം ഈ കാലയളവിൽ നടത്താൻ നടപടി സ്വീകരിച്ചു.

സ്പോർട്സ് ക്വാട്ട പ്രകാരം കഴിഞ്ഞ 10 വർഷത്തിനിടെ 500 പേർക്ക് സർക്കാർ സർവീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രത്യേക പരിഗണനയിലും കെഎസ്ഇബി, കേരളാ പൊലീസ് എന്നിവിടങ്ങളിലുമായി 500 പേർക്കും ജോലി നൽകിയിട്ടുണ്ട്. അംഗീകൃത ഫെഡറേഷനുകൾ നടത്തുന്ന കോമൺവെൽത്ത് ചാമ്പ്യൻഷിപ്പ്, ഏഷ്യൻ ചാമ്പ്യൻഷിപ്പ്, കുറഞ്ഞത് എട്ട് രാജ്യങ്ങൾ പങ്കെടുക്കുന്ന അംഗീകൃത അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകൾ, ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് എന്നീ മത്സരങ്ങൾ കൂടി നിയമനത്തിന് പരിഗണിക്കാൻ തീരുമാനിച്ചു. ഇത് കൂടുതൽ താരങ്ങൾക്ക് അവസരം നൽകും. ഉത്തേജക മരുന്ന് വിവാദത്തിൽ ഉൾപ്പെടുന്നവരെ പൂർണ്ണമായും ഈ നിയമനത്തിൽ നിന്ന് ഒഴിവാക്കുന്ന വ്യവസ്ഥയും ഭേദഗതി ചെയ്തു. പകരം ഉത്തേജക മരുന്ന് ഉപയോഗിച്ചതിന് പിടിക്കപ്പെടുന്ന മത്സരവും ശിക്ഷാ കാലയളവും മാത്രമാകും നിയമനത്തിനുള്ള അയോഗ്യതയായി കണക്കാക്കുക. മറ്റു നേട്ടങ്ങൾ നിയമനത്തിന് പരിഗണിക്കും.

# മഹിളാ പ്രധാൻ ഏജന്റുമാരുടെ സംഗമം നടത്തി




**കൊച്ചി:** സ്ത്രീകളെ സ്വയം പര്യാപ്തരാക്കുക, സാമൂഹിക സാമ്പത്തിക തീരുമാനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക, ചെറുകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിച്ച് സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മഹിള പ്രധാൻ (എം.പി .കെ. ബി വൈ) ഏജന്റ്മാരുടെ ജില്ലാതല സംഗമം നടന്നു. തുഷാരം 2026 എന്ന പേരിൽ എറണാകുളം ടൗൺ ഹാളിൽ നടന്ന പരിപാടി മേയർ വി. കെ മിനി മോൾ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മൂലധനം കണ്ടെത്തുക എന്ന ലക്ഷ്യം കൂടി ഈ പദ്ധതിക്കുണ്ടെന്നും സാധാരണക്കാരായ സ്ത്രീകൾക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനു ഈ പദ്ധതി സഹായിക്കുമെന്നും മേയർ വി. കെ മിനിമോൾ പറഞ്ഞു.

ചടങ്ങിൽ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ പ്രദീപ്കുമാർ മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിന്റെ ഭാഗമായി 70 വയസ്സ് പൂർത്തിയായ ഏജന്റുമാരെയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിച്ച സ്കൂളുകളെയും ആദരിച്ചു. സാമ്പത്തിക ഇടപാടുകളും സൈബർ ക്രൈമും എന്ന വിഷയത്തിൽ കൊച്ചി സൈബർ സെൽ സബ് ഇൻസ്പെക്ടർ ശ്യാം കുമാർ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഉച്ചയ്ക്കു ശേഷം അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എം എ ലൈജു, അഡീഷണൽ ഡയറക്ടർ പി അജിത് കുമാർ , വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, മൂവാറ്റുപുഴ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ പി. വി പ്രതീക്ഷ, പള്ളുരുത്തി ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ പഞ്ചായത്ത് ഇ.പി. സിബിൻ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കെ. വസുന്ധരൻ പിള്ള, ദേശീയ സമ്പാദ്യ പദ്ധതി ഏജന്റ് താര ജോസ് എന്നിവർ പങ്കെടുത്തു

# ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമാണത്തിന് തുടക്കമായി

**കൊച്ചി:** നഗരത്തിലേയും സമീപ പ്രദേശങ്ങളിലെയും സീവേജ് ട്രീറ്റ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന ട്രാക്കുകളിൽ ശൗചാലയ മാലിന്യങ്ങൾ എത്തിച്ച് ശുദ്ധീകരിക്കുന്ന ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് തുടക്കമായി 1.0എം.എൽ.ഡി ശേഷിയുള്ള പ്ലാന്റ് അമൃത് പദ്ധതിയിൽപ്പെടുത്തിയാണ് നടപ്പാക്കുന്നത്.

രണ്ട് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിച്ച് നടപ്പാക്കാനാണ് നിർദേശിച്ചിരിക്കുന്നതെന്ന് മേയർ അഡ്വ. വി.കെ മിനിമോൾ പറഞ്ഞു. 30.23 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. 10.1 കോടി രൂപ വീതം കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, കൊച്ചി നഗരസഭ എന്നിങ്ങനെയാണ് പദ്ധതി വിഹിതം. ബ്രഹ്മപുരത്തെ 3.8 ഏക്കർ സ്ഥലത്താണ് പ്ലാന്റ് നിർമിക്കുന്നത്. പാലക്കാട് ആസ്ഥാനമായുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ആണ് ഡി. ബി. ഒ. ടി മാതൃകയിൽ പ്ലാന്റ് നിർമിക്കുന്നത്.

നിലവിൽ കൃത്യമായ സീവേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ജലാശയങ്ങൾ മലിനമാകുന്നതും കൊതുകുകൾ പെരുകുന്നതും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായാണ് ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത്. 3 ശതമാനം മാത്രമാണ് നിലവിൽ കൊച്ചി കോർപ്പറേഷന്റെ ദ്രവമാലിന്യ സംസ്കരണ ശേഷി. അമൃത് ഒന്നാം ഘട്ടത്തിൽ പണിത 5.0 എം.എൽ.ഡി എസ്.ടി.പി. എളംകുളത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 1.1 എം എൽ ഡി എസ്.ടി.പി.യുടെ നിർമ്മാണം ഇടക്കൊച്ചിയിൽ അവസാനഘട്ടത്തിലാണ്. മറ്റൊരു 5എം.എൽ.ഡി. എസ്.ടി.പി. യുടെയും 40 കിലോമീറ്റർ നെറ്റ്വർക്കിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. എന്നാൽ ഇതൊന്നും ഒരു പരിപൂർണ്ണപരിഹാരം ആകുന്നില്ല, ചുരുങ്ങിയത് 120 എം.എൽ.ഡി. എസ്.ടി.പി. എങ്കിലും നഗരത്തിന് ആവശ്യമാണെന്ന് മേയർ ചൂണ്ടിക്കാട്ടി.

5000 ലിറ്റർ ശേഷിയുള്ള 200 ട്രക്ക് ലോഡ് മാലിന്യം പ്രതിദിനം ഇവിടെ ശുദ്ധീകരിക്കാൻ കഴിയും. ഇത് കൊച്ചി കോർപ്പറേഷൻ, ഒൻപത് മുൻസിപ്പാലിറ്റികൾ, 40പഞ്ചായത്തുകൾ ഉൾപ്പെടെ 50 തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതിയാണിത്. ഈ 50 തദ്ദേശസ്ഥാപനങ്ങളിലും കൂടി 30ലക്ഷം ജനസംഖ്യയുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൂടി നിലവിൽ 1.69 എം എൽ ഡി സെപ്റ്റേജ് ഒരു ദിവസം ഉണ്ടാകുന്നുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി കോർപ്പറേഷൻ പരാതി പരിഹാര അദാലത്ത് ഏഴിന്

**കൊച്ചി:** കൊച്ചി നഗരസഭയുടെയും സംസ്ഥാന നിയമ സേവന അതോറിറ്റിയുടേയും ജില്ലാ നിയമ സേവന അതോറിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ പൊതുജനങ്ങളുടെ എല്ലാ പരാതിയും തർക്കപരിഹാരവും നഗരസഭ തലത്തിൽ തന്നെ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള സ്ഥിരം പരാതി പരിഹാര അദാലത്ത് ഈ മാസം ഏഴിന് രാവിലെ 10 ന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ പഴയ ആഫീസിലെ കൗൺസിൽ ഹാളിൽ ചേരുമെന്ന് മേയർ അഡ്വ. വി. കെ മിനിമോൾ അറിയിച്ചു. കൊച്ചി നഗരസഭയുടെ മെയിൻ ഓഫീസും ആറ് മേഖലാ ഓഫീസുകളെയും ഉൾപ്പെടുത്തി സൗജന്യവും കാര്യക്ഷമവുമായ നിയമ സേവനം നൽകപ്പെടുന്ന ഈ അദാലത്തിലേക്ക്, കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ പരിധിയിൽ വരുന്നതും കൊച്ചി കോർപ്പറേഷനിൽ യഥാവിധി അപേക്ഷ നൽകിയിട്ടുള്ളതും എന്നാൽ സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാകാത്ത വിഷയങ്ങളിലുള്ള പരാതികൾ, നിവേദനങ്ങൾ, തീർപ്പാകാതെയുള്ള പൊതുജനങ്ങളുടെ പരാതികൾ, നിവേദനങ്ങൾ വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ ഉൾപ്പെടെ സാമ്പത്തിക ചെലവില്ലാതെ സമീപിക്കാവുന്നതായിരിക്കും. അതാത് നഗരസഭ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിൽ പരാതികൾ, നിവേദനങ്ങൾ നിക്ഷേപിക്കാവുന്നതാണ്. ഇവ ക്രോഡീകരിച്ച് നിയമസേവന അതോറിറ്റിയിലേയ്ക്ക് കൈമാറുന്നതും തുടർന്ന് അദാലത്തുകൾ നടത്തുന്നതാണ്. അദാലത്ത് ദിവസം പൊതുജനങ്ങൾ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതാണ്.

അതേ സമയം അദാലത്തിൽ കേസ് നിലവിലുള്ളവ, ലൈഫ്, അതിദാരിദ്യം, ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ലെന്നും മേയർ അറിയിച്ചു.

## യുജിസി നെറ്റ് പരീക്ഷ പരിശീലനം

**കൊച്ചി:** ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി. സെന്റർ ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ സെന്ററിൽ മാർച്ച് മാസം ആരംഭിക്കുന്ന യുജിസി നെറ്റ് പേപ്പർ ഒന്നിന്റെ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു.

## ഇന്റേൺഷിപ്പ്

**കൊച്ചി:** കേരളസർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി. സെന്റർ ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ കോളേജ് വിദ്യാർത്ഥികൾക്കായി ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാംസി (FYUGP) നായി കോമേഴ്സ്, മാനേജ്മന്റ്, കമ്പ്യൂട്ടർ സയൻസ്, എക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ഇന്റേൺഷിപ് നൽകുന്നു. താൽപ്പര്യമുള്ളവർ skillcetnre.ihrd.ac.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

# നഗരവികസനത്തിനും മാലിന്യ സംസ്കരണത്തിനും ഏകോപനത്തോടെ പ്രവർത്തിക്കണം

**കൊച്ചി:** തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ മാലിന്യ സംസ്കരണത്തിലും നഗരവികസനത്തിലും ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് ഹൈബി ഈഡൻ എംപി. കൊച്ചി നഗരസഭയുടെ വികസന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിയിൽ വരുന്ന ഒരാളും കൊതുകുകടി കൊള്ളാതെ പോകുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇതിനായി ശുചിമുറി മാലിന്യ സംസ്കരണം കാര്യക്ഷമമാക്കണം. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനും നടപടിവേണം. നഗരവികസനത്തിനും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനും രാഷ്ട്രീയ വ്യത്യാസമില്ലാതെ പ്രവർത്തിക്കണമെന്ന് ഹൈബി ഈഡൻ ആഹ്വാനം ചെയ്തു.




അനന്തമായ സാധ്യതകളുള്ള നഗരമാണ് കൊച്ചി. എത്ര സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാണെന്ന് ഓഡിറ്റ് നടത്തണം. വികസന ആശയം എന്നത് അടിസ്ഥാന സൗകര്യ വികസനം എന്നതിനൊപ്പം അംഗപരിമിതർക്കും ഭിന്നശേഷിക്കാർക്കുമൊക്കെ അത് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം കൂടിയുണ്ടെന്ന് ഹൈബി പറഞ്ഞു. നഗരത്തിന്റെ പല പ്രദേശങ്ങളിലും ഓരുവെള്ളം കയറുന്നത് വെല്ലുവിളിയാണ്. ശാസ്ത്രീയ പഠനം വിലയിരുത്തി ഇതിനു പരിഹാരമുണ്ടാക്കണം. സാധ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ച് കൃത്യമായ ആസൂത്രണത്തോടെ നഗരവികസനം സാധ്യമാക്കണം. പെരുകുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ നടപടി വേണം. ബഡ്ജറ്റിലൂടെ ഒട്ടേറെ പുതിയ ആശയങ്ങൾ അവതരിപ്പിച്ചതിൽ ഭരണസമിതിയെ അഭിനന്ദിക്കുന്നതായും ഹൈബി പറഞ്ഞു. എല്ലാ വിഭാഗം ജനങ്ങളെയും കേട്ട ശേഷം പ്രൊഫഷണലായി തയാറാക്കിയ ബജറ്റാണിതെന്നും അദ്ദേഹം പറഞ്ഞു.

മേയർ അഡ്വ. വി.കെ മിനിമോൾ അധ്യക്ഷത വഹിച്ചു. വെള്ളക്കെട്ട് നിവാരണ പദ്ധതിയിൽ ഏറെ മുന്നോട്ട് പോകാനുണ്ടെന്നും സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കുമായി പുതിയ പദ്ധതികൾ നടപ്പാക്കുമെന്നും മേയർ പറഞ്ഞു. ശുചിമുറി മാലിന്യം ശരിയായ രീതിയിൽ സംസ്ക്കരിക്കാൻ ശാശ്വത പരിഹാരം ഉണ്ടാക്കും.

ജനങ്ങൾക്ക് സ്വസ്ഥമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുമെന്നും മേയർ പറഞ്ഞു. ഡെപ്യൂട്ടി മേയർ ദീപക് ജോയ് മുഖ്യപ്രഭാഷണം നടത്തി. ആസൂത്രണ സമിതി ഉപാധ്യക്ഷൻ ടി.എസ് സെയ്ഫുദീൻ പദ്ധതി വിശദീകരണം നടത്തി. സ്ഥിരം സമിതി അധ്യക്ഷന്മാരായ ആന്റണി പൈനുതറ, സീന ടീച്ചർ, ടി. കെ അഷ്റഫ്, അഡ്വ.പി. എം നസീമ, കെ. എ മനാഫ്, ജിസ്മി ജെറാൾഡ്, പ്രതിപക്ഷ നേതാവ് വി. എ ശ്രീജിത്, കൗൺസിലർ സുധ ദിലീപ്കുമാർ എന്നിവർ പ്രസംഗിച്ചു. വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷാകൃത സുരേഷ്ബാബു സ്വാഗതവും നഗരസഭ സെക്രട്ടറി പി.എസ് ഷിബു നന്ദിയും പറഞ്ഞു.

# വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു




**കൊച്ചി:** തൊഴിലാളികളുടെ ക്ഷേമത്തിനും മക്കളുടെ പഠനത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ ക്ഷേമബോർഡിന്റെ സാമൂഹ്യ പ്രതിബന്ധതയാണ് വെളിപ്പെടുത്തുന്നതെന്ന് ടി.ജെ. വിനോദ് എംഎൽഎ. കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് ഒട്ടാകെ വിവിധ കോഴ്സുകൾ പഠിക്കുന്ന 547 വിദ്യാർത്ഥികൾക്കായി 13,32,500 രൂപയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ചടങ്ങിൽ വിതരണം ചെയ്തു. എറണാകുളം ബോട്ട് ജെട്ടിയിലെ ടി.കെ രാമകൃഷ്ണൻ സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ കൊച്ചി മേയർ വി.കെ. മിനിമോൾ അധ്യക്ഷയായി. ക്ഷേമബോർഡ് ചെയർമാൻ ടി.ബി. സുബൈർ, ഡിവിഷൻ കൗൺസിലർ കെ. വി. പി കൃഷ്ണകുമാർ, ക്ഷേമബോർഡ് മെമ്പർ ഹഫ്സൽ സുലൈമാൻ, വിവിധ ട്രേഡ് യൂണിയൻ നേതാക്കളായ പി.എസ്. മോഹനൻ, ബാബു കടമക്കുടി, നിധീഷ് ഇ.ഡി, ജോർജ്ജ് കോട്ടൂർ, ജെയിംസ് അധികാരം, കെ.ജെ. സുധീർ, പുരുഷോത്തമ ഭാരതി, ജെ. വിജയകുമാർ, ജോയി പ്രസാദ്, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ഓഫീസർ ഡി.എസ് മിത്ര, ജില്ലാ ക്ഷേമനിധി ഓഫീസർ സഞ്ജീവ് കെ വിശ്വനാഥ് എന്നിവർ പങ്കെടുത്തു.

# ഗർഭാശയഗള ക്യാൻസർ പ്രതിരോധം: 'ആഞ്ചൽ 2026 ഷി ക്യാൻ' കോൺടെസ്റ്റ് സംഘടിപ്പിച്ചു

**കൊച്ചി:** ഗർഭാശയഗള ക്യാൻസറിനെ പ്രതിരോധിക്കാനുള്ള എച്ച്.പി.വി വാക്സിനേഷൻ ക്യാമ്പയിന്റെ ഭാഗമായി 'ആഞ്ചൽ 2026 ഷി ക്യാൻ' കോൺടെസ്റ്റ് സംഘടിപ്പിച്ചു. അന്തർദേശീയ വനിതാദിനത്തിന്റെയും ക്യാൻസർ ബോധവൽക്കരണ മാസാചരണത്തിന്റെയും ഭാഗമായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്ക്, എൻ.എസ്.എസ് യൂണിറ്റ് നമ്പർ 59, ജെൻഡർ ഇക്വിറ്റി സെൽ എന്നിവർ സംയുക്തമായാണ് പരിപാടി നടത്തിയത്.

മത്സരത്തിൽ രാജഗിരി കോളേജിലെ ഇപ്സിത സാബു കാട്ടുമാൻ ഒന്നാം സ്ഥാനവും, പൊൻമാധിനി, ആൻസി ജോൺ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും നേടി. വിജ്ഞാനപ്രദവും ആകർഷണീയവുമായ വിവിധ റൗണ്ടുകളിലൂടെയാണ് വിജയികളെ കണ്ടെത്തിയത്. മത്സരാർത്ഥികളുടെ അഭിരുചി, സാമൂഹിക പ്രതിബദ്ധത, ആശയവിനിമയ ശേഷി, ആരോഗ്യസ്ഥിതി, ജീവിതശൈലി എന്നിവ മത്സരത്തിൽ വിലയിരുത്തി. ആരോഗ്യസ്ഥിതി അസ്സസ്മെന്റിന്റെ ഭാഗമായി ഹീമോഗ്ലോബിൻ പരിശോധന, ബോഡി മാസ് ഇൻഡക്സ്, മെറ്റബോളിക് ഏജ് സ്ക്രീനിങ് എന്നിവ നടത്തി. 'ആർ യു ഹെൽത്തി' ക്വിസ് റൗണ്ട്, ആരോഗ്യ ബോധന നിർണ്ണയ റൗണ്ട്, 'വോക്ക് വിത്ത് എ മെസ്സേജ്' (റാംപ് വാക്ക്), മെസ്സേജ് പ്രസന്റേഷൻ, ഇന്ററാക്ഷൻ റൗണ്ട് എന്നിവ മത്സരത്തിന്റെ ഭാഗമായിരുന്നു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ആലങ്ങാട് ഐ.സി.ഡി.എസ് പ്രൊജക്ടിലെ അങ്കണവാടികളിൽ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. മാർച്ച് 20 ഉച്ചക്ക് 2 വരെ ടെൻഡർ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5 നും ഇടയിൽ മുപ്പത്തടം മില്ലുപടിയിൽ പ്രവർത്തിക്കുന്ന ആലങ്ങാട് ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ. 99467 35290.

## മുട്ട വിൽപ്പനയ്ക്ക്

**കൊച്ചി:** കുറുപ്പുംപടി പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ അട വെക്കാൻ യോഗ്യമായ മുട്ടകളും ഭക്ഷ്യയോഗ്യമായ മുട്ടകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്.

മുട്ടകൾ ആവശ്യമുള്ളവർ കോഴി കേന്ദ്രത്തിൽ എത്തിച്ചേരുക. ഫോൺ നമ്പർ 0484 -2523559, സമയം : രാവിലെ 10 മുതൽ 3 വരെ. അവധി ദിവസങ്ങളിൽ മുട്ട വിതരണം ഉണ്ടായിരിക്കുന്നതല്ല.

# ദേശീയ ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പ് : കേരള ടീമിന്റെ ജേഴ്സി പ്രകാശനം നടത്തി

**കൊച്ചി:** ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പിനുള്ള കേരള ടീമിന്റെ ജേഴ്സി പ്രകാശനം എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടന്നു. ടെൻപിൻ ബൗളിംഗ് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് ജെയിംസ് ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി എ. എൽ ശ്രീനിവാസൻ, ട്രഷറർ ജാഫർ കൊച്ചിൻവാല, ജോയിന്റ് സെക്രട്ടറി അലി ഉവൈസ്, വൈസ് പ്രസിഡന്റ് എൻ.എച്ച് ഷമീദ്, ഷാബിൻ ഇബ്രാഹിം എന്നിവർ ചേർന്നാണ് ജേഴ്സി പ്രകാശനം നിർവ്വഹിച്ചത്. ഈ മാസം 9 മുതൽ 14 വരെ ബംഗളുരുവിലാണ് ദേശീയ ടെൻപിൻ ചാമ്പ്യൻഷിപ്പ് നടക്കുക. കേരളത്തിനായി എൻ.എച്ച് ഷമീദ്, അമിത് ഉപാധ്യായ്, മുഹമ്മദ് സാനിഫ്, ഷാബിൻ ഇബ്രാഹിം, ജിജിൻ ബാബു, കെ.വി വിനീഷ്, ഷാനവാസ് ഷാജഹാൻ, സി.ഐ ഷെബിൻ, രാഹുൽ ശങ്കർ എന്നിവർ പുരുഷ വിഭാഗത്തിലും സുചിത സുനിൽകുമാർ വനിതാ വിഭാഗത്തിലും കളത്തിലിറങ്ങും. അസോസിയേഷൻ സംഘടിപ്പിച്ച സംസ്ഥാനതല യോഗ്യതാ റൗണ്ടുകൾ വഴിയായിരുന്നു ടീമംഗങ്ങളെ തിരഞ്ഞെടുത്തത്. മാളുകൾ കേന്ദ്രീകരിച്ച് ചടുല പ്രചരണം നേടുന്ന കളിയാണ് ടെൻപിൻ ബൗളിംഗ് എന്ന് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് ജെയിംസ് ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി എ.എൽ ശ്രീനിവാസൻ എന്നിവർ പറഞ്ഞു. ടെൻപിൻ ബൗളിംഗ് ഇഷ്ടപ്പെടുന്ന ഒട്ടേറെപ്പേർ കേരളത്തിൽ ഉണ്ട് എന്നാൽ മതിയായ പരിശീലന സൗകര്യം ലഭ്യമല്ലാത്താണ് ഗെയിമിന് പ്രചാരണം ലഭിക്കുന്നതിൽ തടസം സൃഷ്ടിക്കുന്നതെന്ന് ഇവർ ചൂണ്ടിക്കാട്ടി.

നിലവിൽ വലിയ മാളുകളിൽ മാത്രമാണ് പരിശീലന സൗകര്യം ലഭ്യമാകുന്നുള്ളു. ബോളിംഗ് ട്രാക്കുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കാൻ വലിയ തുക ചെലവാകും. ഇതിനായി സർക്കാർ മുന്നോട്ടു വരണമെന്നും അവർ പറഞ്ഞു. സർക്കാരിന്റെ പ്രോത്സാഹനം ലഭിച്ചാൽ നാട്ടിൻ പുറങ്ങളിലേയ്ക്കുകൂടി ഗെയിം വളർത്താൻ പറ്റുമെന്നും ഭാരവാഹികൾ പറഞ്ഞു. നീർജ ഏവിയേഷൻ സ്കൂൾ ആണ് കേരള ടീമിന്റെ ഔദ്യോഗിക സ്പോൺസറെന്നും അവർ അറിയിച്ചു.



*ഈമാസം 9 മുതൽ 14 വരെ ബംഗളുരുവിൽ നടക്കുന്ന ദേശീയ ടെൻപിൻ ബൗളിംഗ് ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള ടീമിന്റെ ജേഴ്സി പ്രാകാശനം ജാഫർ കൊച്ചിൻവാല, ഷാബിൻ ഇബ്രാഹിം, അലി ഉവയിസ്,ജോസഫ് ജെയിംസ് ചിറ്റിലപ്പിള്ളി,എൻ.എച്ച് ഷമീദ്,എ. എൽ ശ്രീനിവാസൻ എന്നിവർ ചേർന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നിർവ്വഹിച്ചപ്പോൾ.*

# സമ്മർ ഫെസ്റ്റുമായി ഡാറ്റാ കേരള; ഉപഭോക്താക്കൾക്ക് സമ്മാന കൂപ്പൺ

**കൊച്ചി:** ഡീലേഴ്സ് അസോസിയേഷൻ ഓഫ് ടിവി ആൻഡ് അപ്ലയൻസസ് (ഡാറ്റാ കേരള) സമ്മർ ഫെസ്റ്റ് സമ്മാന കൂപ്പൺ വിതരണം ഹൈബി ഈഡൻ ഉത്ഘാടനം ചെയ്തു. എറണാകുളം പ്രസ്ക്ലബ്ബിൽ നടന്ന ചടങ്ങിൽ ഡാറ്റ കേരളയുടെ മുൻ സംസ്ഥാന പ്രസിഡന്റും സെക്രട്ടറിയുമായ ജോസ് ജെപൊന്നേഴത്ത് ആദ്യ കൂപ്പൺ ഏറ്റുവാങ്ങി. കേരളത്തിലെ അങ്ങോളം ഇങ്ങോളമുള്ള അംഗീകൃത ഹോം അപ്ലയൻസസ് ഷോപ്പുകളിൽ 5000 രൂപയ്ക്ക് മുകളിൽ പർച്ചേഴ്സ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് സമ്മാനകൂപ്പൺ സ്വന്തമാക്കാം.

നറുക്കെടുപ്പിൽ വിജയിക്കുന്ന ആദ്യ 10 ഭാഗ്യശാലികൾക്ക് മലേഷ്യൻ യാത്രയാണ് ബംപർ സമ്മാനം. അഞ്ച് പേർക്ക് രണ്ട് കിലോവാട്ട് റൂഫ് ടോപ്പ് സോളാറും സമ്മാനമായി നൽകും. ഇതിന് പുറമേ കോടി കണക്കിന് രൂപയുടെ മറ്റ് സമ്മാനങ്ങളും സമ്മർ ഫെസ്റ്റിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഡാറ്റാ കേരള പ്രസിഡന്റ് ഷിജു ശിവദാസ്, സെക്രട്ടറി ബിനോയ് മേലേടൻ, ഫെസ്റ്റ് ചെയർമാൻ കെ. രവിന്ദ്രൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഡീലേഴ്സ് അസോസിയേഷൻ ഓഫ് ടിവി ആൻഡ് അപ്ലയൻസസ് കേരളത്തിലെ 1500ൽപരം ഗൃഹോപകരണ വ്യാപാരികളുടെ ഏകസംഘടനയാണ്.

പ്രമുഖനിർമ്മാതാക്കളുടെ സഹകരണത്തോടെ ഈ വർഷവും, ഓണം, ദീപാവലി, ക്രിസ്മസ് തുടങ്ങിയ ഉത്സവസീസണിൽ അസോസിയേഷന്റെ നേതൃത്വത്തിൽ ഗൃഹോപകരണ വ്യാപാരോത്സവം നടത്തുവാൻ തീരുമാനിച്ചതായും ഇവർ വ്യക്തമാക്കി.




# എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ: പുതിയ കെട്ടിട നിർമാണത്തിന് തുടക്കം

**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ വികസനത്തിന് പുതിയ ഉണർവായി എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമാണത്തിന് തുടക്കമായി. 3 കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ഹൈബി ഈഡൻ എം.പി നിർവഹിച്ചു.

ചടങ്ങിൽ മേയർ വി.കെ മിനിമോൾ മുഖ്യാതിഥിയായി. പുതിയ കെട്ടിടം യാഥാർത്ഥ്യമാകുന്നതിലൂടെ വിദ്യാർത്ഥിനികൾക്ക് കൂടുതൽ സൗകര്യപ്രദമായ ക്ലാസ് മുറികളും ആധുനിക സംവിധാനങ്ങളും ലഭ്യമാകും. ഇതിലൂടെ പഠന നിലവാരം മെച്ചപ്പെടുന്നതിനും, സ്കൂളിന്റെ അക്കാദമിക് നിലവാരം ഉയരുന്നതിനും വലിയ സഹായമാകും. ചടങ്ങിൽ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, പ്രിൻസിപ്പൾ മിനി റാം, ഹെഡ്മിസ്ട്രസ് ആനിയമ്മ, പി.ടി.എ പ്രസിഡന്റ് അനീഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

# സ്മോൾകേസുമായ് കൈകോർത്ത് സൗത്ത് ഇന്ത്യൻ ബാങ്ക്

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

**കൊച്ചി:** ഉപഭോക്താക്കൾക്ക് തങ്ങളുടെ മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങൾ ഈടായി നൽകി ലളിതമായ രീതിയിൽ വായ്പ ലഭ്യമാക്കുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്ക് പ്രമുഖ ഫിൻടെക് പ്ലാറ്റ്ഫോമായ സ്മോൾകേസുമായി' സഹകരിക്കുന്നു. സ്മോൾകേസിന്റെ സാങ്കേതിക സഹായത്തോടെ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാകുന്ന 'എസ്ഐബി ഡിജിറ്റൽ ലോൺ എഗെയ്ൻസ്റ്റ് മ്യൂച്വൽ ഫണ്ട്' പദ്ധതിക്കാണ് ബാങ്ക് തുടക്കമിട്ടിരിക്കുന്നത്. ഈ പങ്കാളിത്തത്തിലൂടെ സൗത്ത് ഇന്ത്യൻ ബാങ്കിന് മ്യൂച്വൽ ഫണ്ടുകൾക്ക് മേൽ 9.99% വാർഷിക പലിശ നിരക്കിൽ സെക്യൂർഡ് ക്രെഡിറ്റ് നൽകാൻ സാധിക്കുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എസ്.ജി.എം ആൻഡ് ചീഫ് ഇൻഫർമേഷൻ ഓഫീസർ എ. സോണി പറഞ്ഞു.

നിലവിലുള്ള ഉപഭോക്താക്കൾക്കും ഡിജിറ്റൽ വെൽത്ത് പ്ലാറ്റ്ഫോമുകളിലെ ഉപഭോക്താക്കൾക്കും ബാങ്കിന്റെ ലെൻഡിംഗ് സർവീസ് പ്രൊവൈഡർ ശൃംഖല വഴി, നിയമാവലികൾ പാലിച്ചുകൊണ്ട് ഈ സേവനം ലഭ്യമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ധനകാര്യ സ്ഥാപനങ്ങൾക്ക് നിക്ഷേപ സേവനങ്ങളും സമ്പത്ത് ഉൽപന്നങ്ങളും ഡിജിറ്റലായി വിതരണം ചെയ്യാൻ പ്രാപ്തി നൽകുന്ന സാങ്കേതിക പ്ലാറ്റ്ഫോമുകളാണ് സ്മോൾകേസ് ഒരുക്കുന്നതെന്ന് സ്മോൾകേസ് സ്ഥാപകനും സി.ഇ.ഒയുമായ വസന്ത് കാമത്ത് പറഞ്ഞു.

# ടെസ്ലയുടെ വായ്പാ പങ്കാളിയായി ആക്സിസ് ബാങ്ക്

**കൊച്ചി:** ടെസ്ലയുടെ വൈദ്യുത വാഹനങ്ങൾക്കുള്ള മുൻഗണനാ വായ്പാ പങ്കാളിയായി ആക്സിസ് ബാങ്ക് പ്രവർത്തിക്കും. ടെസ്ല ഉപഭോക്താക്കൾക്ക് മികച്ച അനുഭവങ്ങളും സവിശേഷമായ വായ്പാ പദ്ധതികളും ഇതിന്റെ ഭാഗമായി അവതരിപ്പിക്കും. ഓരോ വ്യക്തികളുടേയും കാഷ് ഫ്ളോ അനുസരിച്ച് വ്യക്തിഗത തിരിച്ചടക്കൽ പദ്ധതികൾ, പത്തു വർഷം വരെ ദീർഘമായ കാലാവധി, പൂർണമായും ഡിജിറ്റലൈസ് ചെയ്ത നടപടിക്രമങ്ങൾ തുടങ്ങിയവ ഇതിന്റെ സവിശേഷതകളാണ്.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ആലങ്ങാട് ഐ.സി.ഡി.എസ് പ്രൊജക്ടിലെ അങ്കണവാടികളിൽ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. മാർച്ച് 20 ഉച്ചക്ക് 2 വരെ ടെൻഡർ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ എല്ലാപ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5 നും ഇടയിൽ മുപ്പത്തടം മില്ലുപടിയിൽ പ്രവർത്തിക്കുന്ന ആലങ്ങാട് ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ. 9946735290

# ഓഹരി വിപണിയിൽ പങ്കാളികളാകാൻ അവസരമൊരുക്കി ഐസിഐസിഐ പ്രു പ്ലാൻ

**തിരുവനന്തപുരം:** നിക്ഷേപകർക്ക് സുതാര്യമായ രീതിയിൽ അച്ചടക്കത്തോടു കൂടി ഓഹരി വിപണിയിൽ പങ്കാളികളാകാനുള്ള അവസരമാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് നൽകുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ പറഞ്ഞു. സുസ്ഥിരമായി ലാഭവിഹിതം നൽകുന്ന അടിസ്ഥാനപരമായി ശക്തമായ ഓഹരികളിൽ നിക്ഷേപിച്ച് ദീർഘകാല സമ്പത്ത് സൃഷ്ടിക്കാൻ നിക്ഷേപർക്ക് പിന്തുണ നൽകുന്ന രീതിയിലാണ് ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യൂലിപ് വിഭാഗത്തിൽപ്പെട്ട ഈ പദ്ധതി, കമ്പനിയുടെ മറ്റു ജനപ്രിയ യൂലിപ് പദ്ധതികളായ ഐസിഐസിഐ പ്രു സിഗ്നേചർ അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് (എസ്ഐപി പ്ലസ്) എന്നിവ അടക്കം വിവിധ പദ്ധതികൾക്കൊപ്പം ലഭ്യമാവും. ബിഎസ്സി 500 ഡിവിഡന്റ് ലീഡേഴ്സ് 50 സൂചികയാവും ഫണ്ട് പിന്തുടരുക. 2026 ജനുവരി 30ലെ കണക്കുകൾ പ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 33.63 ശതമാനവും, അഞ്ചു വർഷങ്ങളിൽ 30.96 ശതമാനവും, 10 വർഷങ്ങളിൽ 20.40 ശതമാനവും നേട്ടമാണ് ഈ സൂചിക നൽകിയിട്ടുള്ളത്.

# കേരളത്തിലെ ആദ്യ എൻവിഡിയ എഐ ഫാക്ടറി കൊച്ചിയിൽ; ആഗോള എഐ ഭൂപടത്തിൽ ഇടംപിടിച്ച് കേരള സ്റ്റാർട്ടപ്പ്

**കൊച്ചി:** സംസ്ഥാനത്തെ ആദ്യത്തെ എൻവിഡിയ എഐ ഫാക്ടറി പ്രവർത്തനസജ്ജമാക്കി കെ.എസ്.യു.എം യുണീക് ഐഡി സ്റ്റാർട്ടപ്പായ 'ജെനിസിസ്‌ലാബ്സ്'. കേരളത്തിലെ പ്രമുഖ പ്രൊഡക്റ്റ് സ്റ്റുഡിയോയായ 'കീവാല്യൂ സോഫ്റ്റ്‌വെയർ സിസ്റ്റംസിനാണ് ഈ അത്യാധുനിക സൗകര്യം ഒരുക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ആഗോളതലത്തിൽ നേടുന്ന പ്രധാന്യമാണ് ഈ നേട്ടം കാണിക്കുന്നത്. അത്യാധുനികമായ എൻവിഡിയ അഡ ലോവേലസ്, ജിപിയുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ എഐ ഫാക്ടറി, ഭാവി വികസനം കൂടി മുന്നിൽ കണ്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബ്ലാക്ക്‌വെൽ ക്ലാസ് ജിപിയുകൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുമ്പോൾ ഇതിന് ഏകദേശം ഒരു എക്സാഫ്ളോപ്പ് (ഒരു സെക്കൻഡിൽ ഒരു ക്വിന്റില്യൻ, അതായത് ഒന്ന് കഴിഞ്ഞ് 18 പൂജ്യങ്ങൾ കമ്പ്യൂട്ടിംഗ് ചെയ്യാനുള്ള ശേഷി) പ്രകടനം കാഴ്ചവെക്കാൻ സാധിക്കും. ഇത് എക്സാസ്കെയിൽ ക്ലാസ് എഐ സൂപ്പർ കമ്പ്യൂട്ടിംഗിലേക്കുള്ള കേരളത്തിന്റെ ചുവടുവെപ്പാണ്. നിലവിൽ സെക്കൻഡിൽ 144.518 ബില്യൺ മാട്രിക്സ് ഓപ്പറേഷൻസ് എന്ന ഉയർന്ന വേഗതയിൽ ഇത് പ്രവർത്തിക്കും. ലൊലേറ്റൻസി വർക്ക് ലോഡുകൾക്കായി തയ്യാറാക്കിയിരിക്കുന്ന ഈ സംവിധാനം വലിയ സംരംഭങ്ങൾക്കും ഗവേഷണ സംഘങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണ്. പ്രാദേശികമായ എൻജിനീയറിംഗിന് ആഗോള സ്വാധീനം ചെലുത്താൻ കഴിയുമെന്ന് ഈ നാഴികക്കല്ല് തെളിയിക്കുന്നുവെന്ന് ജെനിസിസ്‌ലാബ്സ് സ്ഥാപകനും സിഇഒയുമായ അർഷാദ് അലി പറഞ്ഞു.

ആഗോളതലത്തിലുള്ള പ്രൊഡക്റ്റ് ടീമുകളെ സഹായിക്കുന്നതിനും ഹൈപെർഫോമൻസ് കമ്പ്യൂട്ടിംഗിൽ കേരളത്തിന്റെ കഴിവ് പ്രദർശിപ്പിക്കുന്നതിനുമായാണ് സംസ്ഥാനത്ത് തന്നെ രൂപകൽപ്പന ചെയ്ത് അസംബിൾ ചെയ്ത ഈ സംവിധാനം നിർമ്മിച്ചത്.

സംസ്ഥാനത്തിന്റെ സ്വന്തം എക്സാസ്കെയിൽ എഐ സൂപ്പർകമ്പ്യൂട്ടിംഗ് സൗകര്യം സ്ഥാപിക്കുക എന്നതാണ് ലക്ഷ്യമെന്നും അർഷാദ് ചൂണ്ടിക്കാട്ടി. കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന കീവാല്യൂ, ഒമ്പത് വർഷത്തിനിടെ യുഎസിലെയും യൂറോപ്പിലെയും 90 ലധികം ബിസിനസുകൾക്കായി 130 ലധികം ഉൽപ്പന്നങ്ങൾ വിതരണം ചെയ്തിട്ടുള്ള 450 ഓളം എഞ്ചിനീയർമാർക്കൊപ്പമാണ് പ്രവർത്തിക്കുന്നത്. ഇതിൽ നാൽപതികം കമ്പനികൾ ഫിൻടെക്, ആഡ്ടെക്, എഡ്ടെക്, ഹെൽത്ത്കെയർ, ബ്ലോക്ക്ചെയിൻ എന്നീ മേഖലയിൽ നിക്ഷേപം സ്വീകരിക്കുകയും ഏറ്റെടുക്കലുകളും കമ്പനി നടത്തിയിട്ടുണ്ട്.

# മത്സ്യ ഫെഡിനെ അമുൽ മാതൃകയിൽ വികസിപ്പിക്കാൻ തയ്യാർ : കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ

**തിരുവനന്തപുരം:** അഖിലേന്ത്യാ തലത്തിൽ മത്സ്യ ഫെഡിനെ അമുലിന് സമാനമായ മാതൃക സഹകരണ സ്ഥാപനമായി മാറ്റിയെടുക്കാൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറാണെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ, മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ. കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരത്തെ വിഴിഞ്ഞത്തുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ടിൽ (സിഎംഎഫ്ആർഐ) നടപ്പാക്കുന്ന പ്രധാൻ മന്ത്രി വിരാസത് കാ സംവർദ്ധൻ (പിഎം വികാസ്) പദ്ധതിക്ക് കീഴിലെ മത്സ്യ ശക്തി പ്രോജക്ടിന്റെ ഭാഗമായുള്ള ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ഗവണ്മെന്റ് സമീപിച്ചാൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമാണ് ഈ മേഖലയിൽ വികസനം സാധ്യമാവുകയുള്ളൂവെന്നും കേന്ദ്ര സഹമന്ത്രി അഭിപ്രായപ്പെട്ടു.

മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് ന്യൂനപക്ഷ സമുദായങ്ങൾക്ക് നൈപുണ്യ പരിശീലന അവസരങ്ങിൽ ഉണ്ടാകുന്ന വിടവ് നികത്താനാണ് പിഎം വികാസ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സ്റ്റൈപ്പന്റോടുകൂടി സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ നിലവിൽ സിഎംഎഫ്ആർഐക്ക് പുറമെ കോട്ടയം ഐഐഐടി, പാലക്കാട് ഐഐടി എന്നിവിടങ്ങളിലും നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുക, ഗവണ്മെന്റ് തലത്തിൽ ആവിശ്യമുള്ളിടത്ത് പിന്തുണ നൽകുക എന്നതാണ് പദ്ധതിയ്ക്ക് കീഴിൽ പരിശീലനം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലൈവ്‌ലിഹുഡ് സ്കിൽ ട്രെയിനിങ് (ഉപജീവന പരിശീലനം) സ്വയം സഹായ, ബാങ്കിംഗ്, ഇൻഷുറൻസ്, ആരോഗ്യം ഉൾപ്പടെയുള്ള എല്ലാ മേഖലയിലും തൊഴിൽ കണ്ടെത്താൻ ഗുണഭോക്താക്കളെ സഹായിക്കും. 1,51,000 പേർക്ക് ആദ്യ ഘട്ടത്തിൽ പരിശീലനം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇന്ത്യ മുഴുവൻ ന്യൂനപക്ഷ സമുദായങ്ങൾക്കായി ഏറ്റവും ആധുനികമായ സംവിധാനങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ഒരുക്കിയിട്ടുള്ളതെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. വിഴിഞ്ഞം സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റും മേധാവിയുമായ ഡോ ബി. സന്തോഷ്, ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ ഡിജി ഡോ. ശ്രീനാഥ് കെ. ആർ, ഫിഷറീസ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ. കെ. മുഹമ്മദ്കോയ, സീനിയർ സയന്റിസ്റ്റ് ഡോ. എസ്. സൂര്യ, സയന്റിസ്റ്റ് അംബരീഷ് പി. ഗോപ് എന്നിവർ പങ്കെടുത്തു.




# ടെലികോം വിപ്ലവം; പുതിയ ഘട്ടം പ്രഖ്യാപിച്ച് ജിയോ; ഇനി എ ഐ ടോക്കണുകൾ

**ബാഴ്സലോണ/കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ ടെക്നോളജി പ്രദർശനമായ ബാഴ്സലോണയിലെ മൊബൈൽ വേൾഡ് കോൺഗ്രസിൽ സുപ്രധാന പ്രഖ്യാപനം നടത്തി ജിയോ പ്ലാറ്റ്ഫോംസ് ഗ്രൂപ്പ് സിഇഒ മാത്യു ഉമ്മൻ. കണക്റ്റിവിറ്റി എന്നതിനപ്പുറം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കേന്ദ്രീകൃതമായ ഒരു ഭാവിയിലേക്കുള്ള ജിയോ പ്ലാറ്റ്ഫോംസിന്റെ ചുവടുമാറ്റമാണ് സിഇഒ വ്യക്തമാക്കിയത്.

ഈ മാറ്റം സാങ്കേതികമായ ഒരു അപ്ഗ്രേഡ് മാത്രമല്ല മറിച്ച് ടെലികോം കമ്പനികൾ എങ്ങനെ വരുമാനം കണ്ടെത്തുന്നു എന്നതിലും ഉപഭോക്താക്കൾക്ക് എങ്ങനെ മൂല്യം നൽകുന്നു എന്നതിലും വരുന്ന കാതലായ മാറ്റമാണ്. ടെലികോം വ്യവസായം മൂന്നാമത്തെ വലിയ പരിണാമ ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്.

വോയ്സ് കോളുകളിൽ നിന്ന് ഡാറ്റയിലേക്കും, ഇപ്പോൾ എഐ പ്രോസസ്സിംഗിന്റെ അടിസ്ഥാന യൂണിറ്റായ 'ടോക്കണുകളിലേക്കും' ഈ വിപണി മാറുന്നു. എഐ മാതൃകകൾ വിവരങ്ങൾ വിശകലനം ചെയ്യാനും ഭാഷ കൈകാര്യം ചെയ്യാനും ഉപയോഗിക്കുന്ന അടിസ്ഥാന യൂണിറ്റുകളെയാണ് 'ടോക്കണുകൾ' എന്ന് വിശേഷിപ്പിക്കുന്നത്. ടെലികോം സേവനങ്ങളുടെ ആദ്യഘട്ടം. സംസാരത്തിന്റെ ദൈർഘ്യം വരുമാന മാർഗ്ഗമായിരുന്ന കാലമായിരുന്നു. രണ്ടാം ഘട്ടം ഡാറ്റ ബൈറ്റുകളുടേതായിരുന്നു. മൂന്നാം ഘട്ടമാണ് എഐ ടോക്കണുകൾ. ഇവിടെ എഐ പ്രോസസ്സിംഗിനും കമ്പ്യൂട്ടിംഗിനും ആവശ്യമായ ടോക്കണുകൾ സേവനങ്ങളുടെ പുതിയ അളവുകോലാകുന്നു.

കണക്റ്റിവിറ്റി എന്ന പ്രാഥമിക ലക്ഷ്യത്തിനപ്പുറം, നെറ്റ്‌വർക്കിനുള്ളിൽ തന്നെ അതിവേഗത്തിലുള്ള എഐ പ്രോസസ്സിംഗ് സാധ്യമാക്കുക എന്നതാണ് ജിയോ ഇതിലൂടെ ലക്ഷ്യമിടുന്നത് അദ്ദേഹം പറഞ്ഞു. പ്രൈസിംഗ് ഡിസ്റപ്ഷൻ' ആണ് എഐ മേഖലയിലും ജിയോ വിഭാവനം ചെയ്യുന്നത്. എഐ പ്രോസസ്സിംഗ് എന്നത് വലിയ തോതിൽ വൈദ്യുതിയും കമ്പ്യൂട്ടിംഗ് ശേഷിയും ആവശ്യമായ ഒന്നാണ്. അതിനാൽ, 'ഡോളർ പെർ ടോക്കൺ പെർ വാട്ട്' എന്ന പുതിയ മാനദണ്ഡത്തിൽ ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്ക് ലഭ്യമാക്കുക എന്നതാണ് ജിയോയുടെ തന്ത്രം. നെറ്റ്‌വർക്കുകൾ കേവലം ഇന്റർനെറ്റ് നൽകുന്ന പ്ലാറ്റ്ഫോമുകൾ അല്ലാതെ, ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കാൻ ശേഷിയുള്ള ഉപകരണങ്ങളുടെ അടിസ്ഥാന പാളിയായി മാറുകയാണ്. ലോകത്തിന്റെ എഐ 'ബാക്ക് ഓഫീസ്' ആയി ഇന്ത്യയെ മാറ്റാൻ ഈ നീക്കം സഹായിക്കും. ദശലക്ഷക്കണക്കിന് ഇന്ത്യൻ ഉപഭോക്താക്കളുടെ ഡിജിറ്റൽ ജീവിതത്തെ കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കുന്ന ഈ മാറ്റം, ആഗോള ടെലികോം വിപണിയിൽ ഇന്ത്യയുടെ മേധാവിത്വം ഒരിക്കൽ കൂടി ഉറപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

### മൂലധന സമാഹരണത്തിനൊരുങ്ങി മോത്തിലാൽ ഓസ്വാൾ ഹോം ഫിനാൻസ്

**കൊച്ചി:** ഓഹരിയാക്കി മാറ്റാൻ കഴിയാത്ത കടപ്പത്രങ്ങളുടെ (എൻസിഡി) വിൽപ്പനയിലൂടെ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും (എഡിബി) 100 മില്യൺ യുഎസ് ഡോളർ (ഏകദേശം 916 കോടി രൂപ) സമാഹരിക്കാനൊരുങ്ങി രാജ്യത്തെ പ്രമുഖ ഭവന വായ്പാ സ്ഥാപനമായ മോത്തിലാൽ ഓസ്വാൾ ഹോം ഫിനാൻസ്. ഭവന നിർമാണത്തിനായി അപേക്ഷിക്കുന്ന സ്ത്രീകൾക്ക് കുറഞ്ഞ നിരക്കിൽ സാമ്പത്തിക സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് നടപടി. ഹരിതചട്ടങ്ങൾ പാലിച്ച് നിർമിക്കുന്ന പരിസ്ഥിതി സൗഹാർദ പാർപ്പിടങ്ങൾക്കായി ആകെ തുകയുടെ 10 ശതമാനം വിനിയോഗിക്കുമെന്നും കമ്പനി അറിയിച്ചു. രാജ്യത്തെ ഇടത്തരം കുടുംബങ്ങളുടെ വീടെന്ന സ്വപ്നം സഫലീകരിക്കാൻ ഉതകുന്ന, നിർണായക പങ്കാളിത്തമാണ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി നടത്തുന്നതെന്ന് മോത്തിലാൽ ഓസ്വാൾ ഹോം ഫിനാൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ സുകേഷ് ഭോവൽ പറഞ്ഞു. ഗ്രാമീണ മേഖലയിലെയും ചെറു പട്ടണങ്ങളിലെയും ആളുകൾക്ക് താങ്ങാവുന്ന ഭവന വായ്പാ സേവനം നൽകുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ നിർമാണ രീതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഫ് ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# രാജ്യത്ത് കടൽപ്പായൽ ഉത്പാദനം വർദ്ധിപ്പിക്കണം



**കൊച്ചി:** ഇന്ത്യയിൽ കടൽപ്പായൽ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ. കൊച്ചിയിൽ കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി (കുഫോസ്) സംഘടിപ്പിച്ച കടൽപ്പായലുകൾ: മൂല്യ ശൃംഖലകൾ, കാലാവസ്ഥാ പരിഹാരങ്ങൾ, നീല സാമ്പത്തിക പാതകൾ എന്നിവയെക്കുറിച്ചുള്ള അന്താരാഷ്ട്ര സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിൽ ആഗോള കടൽപ്പായൽ ഉൽപ്പാദനത്തിന്റെ ഒരു ശതമാനം മാത്രമേ ഇന്ത്യ സംഭാവന ചെയ്യുന്നുള്ളു. ഇന്ത്യയിലെ കടൽപ്പായൽ ഉത്പ്പാദനം 2015ൽ ഏകദേശം 18,000 ടണ്ണിൽ നിന്ന് 2024ൽ ഏകദേശം 74,000 ടണ്ണായി വർദ്ധിച്ചതായും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

കടൽപ്പായൽ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും മേഖലയിലെ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഗവണ്മെന്റിന്റെ പ്രതിജ്ഞാബദ്ധതയെയാണ് നീതി ആയോഗിന്റെ കടൽപ്പായൽ നയം തെളിയിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഔഷധങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, സൗന്ദര്യവർദ്ധക വസ്തുക്കൾ, കൃഷി, ഭക്ഷ്യ സംസ്കരണം എന്നിവയുൾപ്പെടെ നിരവധി വ്യവസായ മേഖലകളിൽ കടൽപ്പായലുകൾക്ക് വളരെയധികം സാധ്യതകളുള്ളതായി മന്ത്രി പറഞ്ഞു. താരതമ്യേന പര്യവേക്ഷണം ചെയ്യപ്പെടാത്ത ഈ മേഖലയിൽ സ്റ്റാർട്ടപ്പ് അവസരങ്ങൾ കണ്ടെത്താൻ വിദ്യാർത്ഥികളെയും യുവ ഗവേഷകരെയും പ്രോത്സാഹിപ്പിച്ചുകൊണ്ട്, കടൽപ്പായൽ മേഖലയിലെ നൂതനാശയങ്ങൾക്കും സംരംഭകത്വത്തിനും സജീവമായി പിന്തുണ നൽകാൻ അദ്ദേഹം അക്കാദമിക സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചു. കടൽപ്പായൽ അധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന സംരംഭങ്ങൾക്ക് ഇന്ത്യാ ഗവൺമെന്റ് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്ന് അദ്ദേഹം ഉറപ്പുനൽകി. തമിഴ്നാട്ടിൽ കടൽപ്പായൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ടെന്നും. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പിഎംഎംഎസ്‌വൈ) പ്രകാരമുള്ള സംരംഭങ്ങൾ രാജ്യത്തുടനീളം കടൽപ്പായൽ കൃഷിയെയും മൂല്യ ശൃംഖല വികസനത്തെയും പിന്തുണയ്ക്കുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കെ. ബാബു എം.എൽ.എ കേരള ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൾ നാസർ, നബാർഡ് ചെയർമാൻ വി. ഷാജി കൃഷ്ണൻ, എൻഎഫ്ഡിബി ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹെറ, ഐസിഎആർസിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സിഎംഎൽആർഇ ഡയറക്ടർ ഡോ. ആർ. എസ്. മഹേഷ്കുമാർ, ഡോ. സി. എസ് ഷൈൻ കുമാർ, കുഫോസ് രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. ദിനേശ് തുടങ്ങിയവർ പങ്കെടുത്തു.

കടൽപ്പായൽ വിഭവങ്ങളിലും അവയുടെ വൈവിധ്യമാർന്ന ഉപയോഗങ്ങളിലും ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന താൽപ്പര്യത്തെ പ്രതിഫലിപ്പിക്കുന്ന സിമ്പോസിയത്തിൽ 13 രാജ്യങ്ങളിൽ നിന്നുള്ള 500ലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

# വ്യവസായ സുരക്ഷിതത്വ പുരസ്കാരം കരസ്ഥമാക്കി എച്ച്എൽഎൽ




**തിരുവനന്തപുരം:**ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് വകുപ്പിന്റെ 2025ലെ സംസ്ഥാന വ്യവസായ സുരക്ഷിതത്വ പുരസ്കാരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് (എച്ച്എൽഎൽ) കരസ്ഥമാക്കി. 500ൽ അധികം തൊഴിലാളികളുള്ള വൻകിട വ്യവസായശാലകളുടെ വിഭാഗത്തിൽ പേരൂർക്കട ഫാക്ടറിക്കും, 101 മുതൽ 250 വരെ തൊഴിലാളികളുള്ള വിഭാഗത്തിൽ ആക്കുളം ഫാക്ടറിക്കുമാണ് വ്യവസായ സുരക്ഷിതത്വ പുരസ്കാരങ്ങൾ ലഭിച്ചത്.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കേരള പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയിൽ നിന്നും എച്ച്എൽഎൽ ടെക്നിക്കൽ ആന്റ് ഓപ്പറേഷൻസ് സീനിയർ വൈസ് പ്രസിഡന്റ് വി. കുട്ടപ്പൻപ്പിള്ള, പേരൂർക്കട ഫാക്ടറി യൂണിറ്റ് ചീഫ് എൽ.ജി സ്മിത, ആക്കുളം ഫാക്ടറി യൂണിറ്റ് ചീഫ് (ഇൻ ചാർജ്) പി. ആർ മഹേഷ് കുമാർ എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി. വിവിധയിനം കോണ്ടങ്ങൾ നിർമ്മിക്കുന്ന പേരൂർക്കട യൂണിറ്റും, ബ്ലഡ് ബാഗുകൾ ഉൾപ്പെടെയുള്ള അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന ആക്കുളം ഫാക്ടറിയും സുരക്ഷാ മാനദണ്ഡങ്ങളിൽ പുലർത്തുന്ന മികവിനുള്ള അംഗീകാരമാണ് പുരസ്കാരങ്ങൾ.

സംസ്ഥാനത്തെ വ്യവസായശാലകളിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഈ പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663